# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1342

07.06.2018-ന് മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എയ്ഡഡ് മേഖലയിലെ സ്ക്കൂളുകളുടെ വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) എയ്ഡഡ് മേഖലയിലെ സ്ക്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചാലഞ്ച്ഫണ്ട് എന്ന പദ്ധതി പ്രാബല്യത്തിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയുടെ ഭാഗമായി ഉപകരണങ്ങൾ എയ്ഡഡ് സ്കൂളുകൾക്കും നൽകിവരുന്നുണ്ട്. അക്കാദമിക മികവിനായി അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. |
| (ബി) സർക്കാർ/എയ്ഡഡ് മേഖലയിലെ സ്ക്കൂളുകളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കിത്തുടങ്ങിയതിന്റെ ഗുണഫലങ്ങൾ എന്തൊക്കെ എന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ അക്കാഡമിക് വർഷം ഈ മേഖലയിൽ എത്ര മാത്രം കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) കഴിഞ്ഞിട്ടുണ്ട്. അക്കാദമിക മികവിനായി എല്ലാ വിദ്യാലയങ്ങളും അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു. അത് പ്രായോഗികമാക്കാനുള്ള ആക്ഷൻപ്ലാൻ എല്ലാ വിദ്യാലയങ്ങളിലും ഉടൻ ആരംഭിക്കും. അതിന്റെ ഭാഗമായി ഗുണമേന്മയുള്ള വിദ്യാഭ്യാസം, കുട്ടികളുടെ പഠനനേട്ടം, തുല്യത എന്നിവയാണ് ഗുണഫലങ്ങൾ. കഴിഞ്ഞ അദ്ധ്യയന വർഷം കുട്ടികൾ അധികമായി പൊതുവിദ്യാഭ്യാസ മേഖലയിലേക്ക് എത്തിച്ചേർന്നിരുന്നു. എന്നാൽ ഈ വർഷം കൃത്യമായ കണക്ക് അറിയണമെങ്കിൽ ആറാം പ്രവർത്തി ദിവസത്തെ കണക്കുകൾ ലഭ്യമായാൽ മാത്രമേ വ്യക്തമാക്കാനാകൂ. |

| | |
|---|---|
| (സി) പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നതിക്കായി വേറെ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നതിക്കായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br>1) സ്കൂൾ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.<br>2) ജൈവ വൈവിദ്ധ്യ പാർക്കുകൾ, ഓട്ടിസം പാർക്കുകൾ.<br>3) സ്പോർട്സ്, ആർട്സ് ആക്ടിവിറ്റിക്കുള്ള പദ്ധതികൾ<br>4) അക്കാദമിക മികവ് കൈവരിക്കുന്നതിനായി 'ഗണിതവിജയം', 'ലിറ്റിൽ ഗലീലിയോ' തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.<br>5) ഭാഷാ പഠനത്തിന്റെ ഉന്നതിക്കായി 'ഹലോ ഇംഗ്ലീഷ്', 'മലയാളത്തിളക്കം', 'സുരീലി ഹിന്ദി' പദ്ധതികൾ.<br>6) സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനായി ടാലന്റ് ലാബ്.<br>7) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കാനായി 'ശ്രദ്ധ', 'നവപ്രഭ' തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

Namitha

സെക്ഷൻ ഓഫീസർ